കാസർഗോഡ്-മുള്ളൂത്തടുക്ക റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുന്നതിന് നടപടി

58 [3572] *ശ്രീ. ഐ.രാജേഷ് അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-കുമ്പള-സീതാംഗോളി-മുഗുറോഡ്-പൊന്നമ്പള മുഗു മുള്ളൂത്തടുക്ക റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.യുടെ കണ്ണൂർ ജില്ലയിൽ നിന്നുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ

59 [3573] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്ര റൂട്ടുകളിൽ അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട് എന്നു പേരുവിവര സഹിതം വിശദമാക്കുമോ;

(ബി) സർവ്വീസ് നടത്തുന്ന പ്രസ്തുത ബസ്സുകൾ പഴകിയതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂരിൽ നിന്ന് പാനൂർവഴി മൈസൂരിലേക്ക് പോകുന്ന ബസ് നല്ല വരുമാനം ലഭിക്കുന്ന സർവ്വീസാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബസ് കൃത്യമായി ഓടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. കണ്ണൂർ- മംഗലാപുരം

2. കണ്ണൂർ—വിരാജ്പേട്ട

3. കണ്ണൂർ- മൈസൂർ

4. കണ്ണൂർ- പേരാമ്പ്രിനിക്കടവ്-വിരാജ്പേട്ട

5. കണ്ണൂർ—കൊല്ലൂർ

6. കണ്ണൂർ—ബാംഗ്ലൂർ

7. കണ്ണൂർ—മംഗലാപുരം—പയ്യന്നൂർ-കാസർഗോഡ്-അഞ്ചരക്കണ്ടി

LIBRARY ARCHIVES Kerala Legislative Assembly